പഠനം

പി.പി അബ്ദുർറസ്സാഖ് പെരിങ്ങാടി

## ദൈവസങ്കൽപം ഖുർആനിലും ബൈബിളിലും-2

# ദൈവമഹത്വത്തിന് നിരക്കാത്ത ചിത്രീകരണങ്ങൾ

**ദൈവത്തിന്റെ** ഏകത്വത്തെ കുറിക്കുന്ന നിരവധി സൂക്തങ്ങൾ ബൈബിൾ പഴയ നിയമത്തിലുണ്ടെങ്കിലും അത് അതിന്റെ സ്ഥിരതയാർന്ന ഭാവമായി കാണാൻ സാധിക്കുന്നില്ല. അചിന്ത്യമോ അനുചിതമോ ആയ പല പരാമർശങ്ങളും ഇതേ ദൈവത്തെ കുറിച്ചുതന്നെ ബൈബിൾ പഴയനിയമം ഉൾക്കൊള്ളുന്നുണ്ട്. താഴെകൊടുക്കുന്ന ചില പഴയ നിയമ സൂക്തങ്ങൾ ശ്രദ്ധിക്കുക.

ആദമിനെയും ഹവ്വയെയും തോട്ടത്തിൽ പാർപ്പിക്കുന്ന പശ്ചാത്തലത്തിൽ യഹോവയായ ദൈവം മനുഷ്യനോട് കൽപിക്കുന്നു: “തോട്ടത്തിലെ സകല വൃക്ഷങ്ങളുടെയും ഫലം നിനക്കു ഇഷ്ടംപോലെ തിന്നാം. എന്നാൽ നന്മ-തിന്മകളെ കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിൻ ഫലം തിന്നരുത്. തിന്നുന്ന നാളിൽ നീ മരിക്കും”(ഉൽപത്തി 2:16-17). ഇതേ സംഭവം വിശുദ്ധ ഖുർആനിലും പല സ്ഥലങ്ങളിലും പരാമർശവിധേയമായിട്ടുണ്ട്. പക്ഷേ, അതിൽ എല്ലായിടത്തും ‘നന്മ-തിന്മകളെ കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിൻ ഫലം’ എന്ന ബൈബിൾ പ്രയോഗത്തിനു പകരം ‘ആ വൃക്ഷം’ എന്ന് മാത്രമേയുള്ളൂ. മാത്രവുമല്ല, ‘തിന്നുന്ന നാളിൽ നീ മരിക്കും’ എന്ന ബൈബിൾ താക്കീതും വിശുദ്ധ ഖുർആനിലില്ല.

ഈ ബൈബിൾ സൂക്തത്തെ വിശകലന വിധേയമാക്കുമ്പോൾ നമ്മൾ എത്തിച്ചേരുന്ന നിഗമനം ഇതാണ്: അറിവ് മനുഷ്യന് മരണമാണ്; ജീവിതമല്ല. ഇരുട്ടാണ്; വെളിച്ചമല്ല. ബൈബിൾ വാക്യമനുസരിച്ച് ദൈവം താക്കീതു ചെയ്യുകയോ ഭീഷണിപ്പെടുത്തുകയോ ചെയ്തതുപോലെ മരിക്കുകയല്ല ഉണ്ടായതെന്ന് ബൈബിളും ഖുർആനും വ്യക്തമാക്കുന്നുണ്ട്. വിശുദ്ധ ഖുർആനിലില്ലാത്തതും ബൈബിൾ ഉൽപത്തിയിൽ പറഞ്ഞതുമായ മൂന്നു കാര്യങ്ങളുണ്ട്.

1. ഹവ്വയെ വിലക്കപ്പെട്ട കനി ഭുജിക്കാൻ പ്രലോഭിപ്പിച്ച പാമ്പിനെ ദൈവം ശപിക്കുന്നു. തത്ഫലമായി ശിക്ഷയെന്നോണം പാമ്പ് ഉരസ്സുകൊണ്ട് ഗമിച്ചു ആയുഷ്കാലമൊക്കെയും പൊടിതിന്നും (ഉൽപത്തി 3:1-15). ഇത് ജൈവശാസ്ത്രമനുസരിച്ച് പാമ്പിന്റെ മാത്രം പ്രത്യേകതയല്ല. വംശനാശം സംഭവിച്ചതും ഇപ്പോൾ നിലനിൽക്കുന്നതുമായ മുഴുവൻ ഉരഗങ്ങളുടെയും (reptiles) പ്രത്യേകതയാണ്.

2. സ്ത്രീയെ ശിക്ഷിക്കുന്നു. ആ ശിക്ഷ ക്രിസ്തീയ ഭാഷ്യമനുസരിച്ചുള്ള യേശുവിന്റെ കുരിശു മരണത്തിനു ശേഷം ലഭിച്ചുവെന്ന് പറയപ്പെടുന്ന മനുഷ്യന്റെ- ചുരുങ്ങിയ പക്ഷം ക്രിസ്ത്യാനികളുടെ- പാപമോക്ഷത്തിനു ശേഷവും മുഴുവൻ സ്ത്രീലോകവും, ക്രിസ്തീയ സ്ത്രീകളും അനുഭവിച്ചുകൊണ്ടേയിരിക്കുകയാണ്. സ്ത്രീ, ആ ശിക്ഷയുടെ ഫലമായി അവളുടെ ജീവിതത്തിൽ കഷ്ടവും ഗർഭധാരണവും അനുഭവിക്കുകയും വേദനയോടെ പ്രസവിക്കുകയും ചെയ്യുന്നു (ഉൽപത്തി 3: 16-17). ചില അപവാദങ്ങളൊഴിച്ചാൽ സസ്തനികളായ ജീവികളെല്ലാം ഗർഭം ധരിക്കുകയും വേദനയോടെ തന്നെ പ്രസവിക്കുകയും ചെയ്യുന്നു. അവയും സ്വർഗത്തിൽ വെച്ച് പാപം ചെയ്തതിന്റെ ശിക്ഷ അനുഭവിക്കുകയാണോ?

3. മനുഷ്യനെ, അതായത് പുരുഷനെ (സ്ത്രീയെ ആദ്യം ആ പേരിൽ വിശേഷിപ്പിച്ച ശേഷം പുരുഷനെ മനുഷ്യനെന്ന് വിളിക്കുന്ന പ്രയോഗം സ്ത്രീയിൽ മനുഷ്യത്വം നിഷേധിക്കുന്നതിന് തുല്യമാണ്) അധ്വാനിച്ച് കഷ്ടപ്പെടാനും ശിക്ഷിച്ചു. നിർഭാഗ്യവശാൽ, ഇന്ന് പാശ്ചാത്യവും പൗരസ്ത്യവുമായ രാജ്യങ്ങളിലെല്ലാം പ്രത്യേകിച്ചും ക്രിസ്തീയ രാജ്യങ്ങളിൽ സ്ത്രീ വർഗവും അധ്വാനിച്ചു കഷ്ടപ്പെടുന്നുണ്ടെന്നതാണ് വസ്തുത. വിരോധാഭാസമെന്തെന്നാൽ, യേശുവിൽ ആരോപിക്കപ്പെടുന്ന കുരിശു മരണത്തിലൂടെയുള്ള പാപമോക്ഷത്തിന് ശേഷവും ഈ ശിക്ഷകൾ തുടരുന്നുവെന്നതാണ്.

വിശുദ്ധ ഖുർആനിലെ വിശദീകരണമനുസരിച്ച് ഈ മൂന്നു ശിക്ഷകളും അർഥശൂന്യമാണ്. വന്നുപോയ വീഴ്ചയെ സ്ത്രീയുടെയും പുരുഷന്റെയും കൂട്ടായ കർമമായാണ് ഖുർആൻ പരിചയപ്പെടുത്തുന്നത്. ബൈബിൾ വചനങ്ങളിൽ കാ

ണാൻ സാധിക്കാത്ത ചില മാനങ്ങൾ കൂടി ഖുർആനിലുണ്ട്.

നന്മ-തിന്മകളെ കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിലെ ഫലം ഭുജിക്കരുതെന്ന വിലക്ക്, മനുഷ്യന്റെ ജ്ഞാന വികാസത്തിൽ അസൂയ പുലർത്തുന്ന ഗ്രീക്ക്-റോമൻ ദൈവങ്ങളുടെ വിതാനത്തിലേക്ക് യഥാർഥ ദൈവത്തെ താഴ്ത്തിക്കളയുന്നു. ഗ്രീക്ക് ദേവനായ പ്രോമിത്യൂസ്, ഗ്രീക്ക് പരമേശ്വരനായ സ്യൂസ് (Zeus) ഉറങ്ങുമ്പോൾ വിജ്ഞാനത്തിന്റെ അഗ്നിജ്വാല മോഷ്ടിച്ച് മനുഷ്യന് എത്തിച്ചുകൊടുക്കുന്നു. ഇതിൽ അസൂയാലുവും ക്ഷുഭിതനുമായ സ്യൂസ് വൾക്കനെ (Valcan) പായിച്ച് പ്രോമിത്യൂസിനെ ബന്ധനസ്ഥനാക്കി പീഡിപ്പിക്കുന്നു. ഇതാണ് പുരാതന ഗ്രീക്ക് നാടകകൃത്തായ ഐസ്കിലസിന്റെ 'ബന്ധനസ്ഥനായ പ്രോമിത്യൂസ്' (Prometheuse Bound) എന്ന നാടകത്തിന്റെ ഇതിവൃത്തം. മനുഷ്യസ്നേഹിയായ പ്രോമിത്യൂസിനെ അസൂയാലുവായ ദൈവത്തിന്റെ പീഡനത്തിൽനിന്ന് മോചിപ്പിക്കാൻ വേണ്ടിയായിരുന്നു നാസ്തികനായ ആംഗലേയ കവി ഷെല്ലി 'ബന്ധനമുക്തനായ പ്രോമിത്യൂസ്' എന്ന പേരിൽ ഒരു കവിത രചിച്ചത്. ഇത്രയും പറഞ്ഞത് മുകളിലുദ്ധരിച്ച പഴയ നിയമ സൂക്തങ്ങളിൽ ദൈവത്തെ ചിത്രീകരിക്കുന്നേടത്ത് കടന്നുകൂടിയ ഗ്രീക്ക്-റോമൻ ധാരയെ സൂചിപ്പിക്കാനാണ്. പ്രതീകങ്ങളിലെ വൈജാത്യവും കഥാപാത്രങ്ങളിലെ പേരു വ്യത്യാസവും ഒഴിച്ചുനിർത്തിയാൽ രണ്ടു കഥകളിലും മനുഷ്യന്റെ ജ്ഞാനവികാസത്തെ അസൂയയോടെ നോക്കിക്കാണുന്ന ദൈവമാണുള്ളത്. അതുകൊണ്ടാവാം, ബൈബിളിനെ അടിസ്ഥാനമാക്കി ഇംഗ്ലീഷ് കവി ജോൺ മിൽട്ടൺ രചിച്ച 'നഷ്ടപ്പെട്ട പറുദീസ' (Paradise Lost) എന്ന ഇതിഹാസകാവ്യം വായിക്കുന്നവർക്ക് ദൈവത്തിനെതിരിൽ ബിയൽസിബബിനോടും ലൂസിഫറിനോടുമൊക്കെ ചിലപ്പോഴെങ്കിലും സഹതാപവും അനുകമ്പയും തോന്നിപ്പോകുന്നത്.

സംഭവത്തെ ഖുർആനിക പരിപ്രേക്ഷ്യത്തിൽ കൂടി നോക്കിക്കാണുമ്പോഴാണ് ദൈവസങ്കൽപത്തിൽവന്ന വ്യതിയാനം ബോധ്യപ്പെടുക. വിശുദ്ധ ഖുർആൻ വൃക്ഷത്തെ അറിവിന്റെ വൃക്ഷമായി വിശേഷിപ്പിക്കുന്നില്ല. വിലക്കു ലംഘിച്ചു പോയാൽ മരണം സംഭവിക്കുമെന്ന പരാമർശവുമില്ല. സൃഷ്ടിപ്പിന് മുമ്പുതന്നെ, മനുഷ്യസൃഷ്ടികൊണ്ട് ഉദ്ദേശിക്കപ്പെട്ടത് എന്താണെന്ന് വിശുദ്ധ ഖുർആൻ അസന്ദിഗ്ധമായി വ്യക്തമാക്കുന്നുണ്ട്. ഭൂമിയിൽ ദൈവത്തിന്റെ പ്രതിനിധിയാവുക എന്നതാണത്. മനുഷ്യന്റെ ഇഛാശക്തി പരീക്ഷിക്കുന്നതിനുള്ള ഇടവേള മാത്രമായിരുന്നു സ്വർഗവാസം. വിലക്കു ലംഘിക്കുന്നതോടെ സ്വർഗത്തിലെ താൽക്കാലികവാസം അവസാനിക്കുന്നു. മനുഷ്യനെക്കൊണ്ട് ഉദ്ദേശിക്കപ്പെട്ട ഭൂമിയിലെ ദൈവിക പ്രാതിനിധ്യം എന്ന ദൗത്യത്തിനായി അവൻ അയക്കപ്പെടുന്നു. ദൗത്യനിർവഹണത്തിനു ശേഷം തിരിച്ചു വരേണ്ടത്, യാത്ര തുടങ്ങിയ സ്വർഗത്തിലേക്കു തന്നെയായിരിക്കണമെന്ന വ്യക്തമായ ഒരു ഗുണപാഠത്തോടുകൂടി തന്നെ. ഭൂമിയിലെ ദൗത്യത്തിനു ശേഷമുള്ള സ്വർഗവാസം അതിനു മുമ്പുണ്ടായിരുന്ന വാസം പോലെ താൽക്കാലിക വാസം ആയിരിക്കയില്ല; മറിച്ച് അനശ്വരം (ഖുലൂദ്) ആയിരിക്കും. വിശുദ്ധ ഖുർആൻ ഭൂമിയിലേക്ക് മനുഷ്യനെ അയക്കുന്നതിനു മുമ്പുള്ള അവന്റെ സ്വർഗവാസത്തെ കുറിക്കാൻ ഉപയോഗിച്ച 'ഉസ്കുൻ' എന്ന പദവും മരണാനന്തരമുള്ള സ്വർഗവാസത്തെക്കുറിക്കുന്നതിന് ഉപയോഗിച്ച ഖുലൂദ് എന്ന പദവും വിശകലന വിധേയമാക്കിയാൽ ഇത് സുതരാം വ്യക്തമാകും.

വിശുദ്ധ ഖുർആനിലെ ദൈവം, ബൈബിളിൽനിന്ന് വ്യത്യസ്തമായി, പദാർഥ-ആശയ ലോകങ്ങളെ (അസ്മാഉം കലിമാത്തും) മനുഷ്യനെ പഠിപ്പിക്കുകയാണ്. ദൈവമുഖത്തു നിന്നുള്ള അധ്യാപനം വിശിഷ്ടമായ രൂപത്തിൽ പഠിക്കുന്ന മനുഷ്യനെയും പരിചയപ്പെടുത്തുന്നു (*അൽബഖറ* 31,37). ബൈബിളിലെയും ഗ്രീക്ക്-റോമൻ പെഗനിസത്തിലെയും അസൂയപൂണ്ട 'ദൈവ'ത്തെ ഇവിടെ കാണുകയില്ല. മനുഷ്യന്റെ ജ്ഞാനവികാസത്തിൽ നേർക്കുനേരെ മാർഗ നിർദേശവും പ്രോത്സാഹനവും നൽകുന്ന ദൈവത്തെയാണ് വരച്ചു കാണിക്കുന്നത് (ഖുർആൻ 55:1-4, 96:3-5).

ദൈവസങ്കൽപത്തെ കുറിക്കുന്ന ചില പഴയനിയമ സൂക്തങ്ങളെ കൂടി പരാമർശിക്കാം.

ഉൽപത്തി 1:26-27ൽ പറയുന്ന ദൈവത്തിന്റെ ഛായയിലുള്ള മനുഷ്യ സൃഷ്ടി, യെശയ്യാവ് 46:9ലും 40:18-20ലും മറ്റും പറഞ്ഞ സദൃശനോ സമാനനോ ഇല്ലാത്ത ദൈവസങ്കൽപത്തിന് കടകവിരുദ്ധമാണ്. സ്വർഗത്തിലെ വിലക്കപ്പെട്ട അറിവിന്റെ വൃക്ഷത്തിൽനിന്നും സ്ത്രീ ഫലം ഭുജിക്കുകയും അതിനു ശേഷം ഭർത്താവായ ആദമിന് കൊടുക്കുകയും ചെയ്ത ശേഷമുള്ള പശ്ചാത്തലം ബൈബിൾ വിശദീകരിക്കുന്നത് ഇങ്ങനെയാണ്:

"വെയിലാറിയപ്പോൾ യഹോവയായ ദൈവം തോട്ടത്തിൽ നടക്കുന്ന ഒച്ച അവർ കേട്ടു" (ഉൽപത്തി 3:8). മറ്റൊരു പശ്ചാത്തലത്തിലെ ദൈവത്തെ കുറിക്കുന്ന പഴയ നിയമസൂക്തം ഇങ്ങനെ: "മഹാപ്രളയത്തിനുശേഷം ഭൂമിയിൽ നോഹയുടെ സന്തതികൾ നഗര നിർമാണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ട മനുഷ്യനെയും അവൻ പണിത പട്ടണത്തെയും ബാബിൽ ഗോപുരത്തെയും കാണേണ്ടതിന് ആകാശത്തിൽ നിന്നും യഹോവ ഇറങ്ങി വന്നു." അപ്പോൾ യാഹോവ: 'ഇതാ ജനം ഒന്ന്; അവർക്ക് എല്ലാവർക്കും ഭാഷയും ഒന്ന്; ഇതും അവർ ചെയ്തു തുടങ്ങുന്നു; അവർ ചെയ്‌വാൻ സ്വരൂപിക്കുന്നതൊന്നും അവർക്ക് അസാധ്യമാവില്ല. വരുവിൻ, നാം ഇറങ്ങിച്ചെന്ന് അവർ തമ്മിൽ തമ്മിൽ തിരിച്ചറിയാതിരിപ്പാൻ അവരുടെ ഭാഷ കലക്കികളയുക എന്ന് അരുളി ചെയ്തു. അങ്ങനെ യഹോവ അവനെ ഭൂതലത്തിലെങ്ങും ചിതറിച്ചു കളഞ്ഞു (ഉൽപത്തി 11:1-10).

ഭാഷയുടെ ഉൽപത്തി, വളർച്ച, വികാസം, വൈവിധ്യം തുടങ്ങിയ വിഷയങ്ങളിലേക്ക് വിരൽചൂണ്ടുന്ന ഒരു ഖുർആനിക സൂക്തത്തെ മുകളിലുദ്ധരിച്ച ബൈബിൾ സൂക്തങ്ങളുടെ പശ്ചാത്തലത്തിൽ ചേർത്തുവായിച്ചു നോക്കൂ! "ആകാശ ഭൂമികളുടെ നിർമാണവും നിങ്ങളുടെ ഭാഷാ-വർണങ്ങളുടെ വൈവിധ്യവും അവന്റെ ദൃഷ്ടാന്തങ്ങളിൽ പെട്ടതാകുന്നു. തീർച്ചയായും ജ്ഞാനമുള്ളവർക്ക് അതിൽ

**വിശുദ്ധ ഖുർആൻ നരവംശ ഭാഷാ വിജ്ഞാന ശാഖകളെ ചിന്തയുടെ പ്രമേയങ്ങളായും ശാസ്ത്ര വിഷയങ്ങളായും ഗണിക്കുമ്പോൾ ബൈബിൾ പഴയ നിയമ സൂക്തങ്ങൾ, മനുഷ്യ വളർച്ചയിൽ അസൂയയും ദുരയും മൂർഛിച്ച ദൈവം മനുഷ്യന്റെ നാഗരിക വികാസത്തെ തളക്കുന്നതിന് വേണ്ടി സ്വീകരിച്ച ഒരു മാർഗം പോലെയാണ് വിശദീകരിക്കുന്നത്. എന്നാൽ മനുഷ്യന്റെ ഭാഷാ വൈവിധ്യവും വർണ വൈജാത്യവും രാഷ്ട്രങ്ങളും സമൂഹങ്ങളും ഗോത്രങ്ങളും മറ്റുമായുള്ള മനുഷ്യ സമൂഹത്തിന്റെ അവസ്ഥകളുമൊക്കെ മനുഷ്യൻ പരസ്പരം തിരിച്ചറിയുക എന്ന ലക്ഷ്യത്തോടുകൂടി ദൈവം സംവിധാനിച്ചതാണെന്നാണ് വിശുദ്ധ ഖുർആന്റെ അധ്യാപനം.**

ദൃഷ്ടാന്തമുണ്ട്" (ഖുർആൻ 30:22). ഇവിടെ വിശുദ്ധ ഖുർആൻ നരവംശ ഭാഷാ വിജ്ഞാന ശാഖകളെ ചിന്തയുടെ പ്രമേയങ്ങളായും ശാസ്ത്ര വിഷയങ്ങളായും ഗണിക്കുമ്പോൾ നേരത്തെ ഉദ്ധരിച്ച ബൈബിൾ പഴയ നിയമ സൂക്തങ്ങൾ, മനുഷ്യ വളർച്ചയിൽ അസൂയയും ദുരയും മൂർഛിച്ച ദൈവം മനുഷ്യന്റെ നാഗരിക വികാസത്തെ തളക്കുന്നതിന് വേണ്ടി സ്വീകരിച്ച ഒരു മാർഗം പോലെയാണ് വിശദീകരിക്കുന്നത്. ഒരു വ്യക്തി ആ സൂക്തങ്ങളിൽനിന്നും തന്റേതല്ലാത്ത ഭാഷ പഠിക്കുന്നതിനെതിരെ വിധി കണ്ടെത്തിയാൽ പോലും തെറ്റു പറയാൻ സാധിക്കില്ല. കാരണം, തിരിച്ചറിയാതിരിക്കാനുള്ള ഉദ്ദേശ്യത്തോടെ ദൈവം ചെയ്തതിനെ മറികടക്കാനുള്ള മനുഷ്യ ധിക്കാരത്തിന്റെ ആവർത്തനമായി അവനത് ബൈബിളനുസരിച്ച് കാണാൻ സാധിക്കും. എന്നാൽ മനുഷ്യന്റെ ഭാഷാ വൈവിധ്യവും വർണ വൈജാത്യവും രാഷ്ട്രങ്ങളും സമൂഹങ്ങളും ഗോത്രങ്ങളും മറ്റുമായുള്ള മനുഷ്യ സമൂഹത്തിന്റെ അവസ്ഥകളുമൊക്കെ മനുഷ്യൻ പരസ്പരം തിരിച്ചറിയുക എന്ന ലക്ഷ്യത്തോടുകൂടി ദൈവം സംവിധാനിച്ചതാണെന്നാണ് വിശുദ്ധ ഖുർആന്റെ അധ്യാപനം. ഈ വിഷയകമായി ഖുർആനിലെ മറ്റൊരു വചനം:

"ഹേ മനുഷ്യരേ! നാം നിങ്ങളെ ഒരാണിൽനിന്നും  പെണ്ണിൽനിന്നുമാണ് സൃഷ്ടിച്ചിട്ടുള്ളത്. നാം നിങ്ങളെ രാഷ്ട്രങ്ങളും ജനതതികളുമാക്കിയത് നിങ്ങൾ പരസ്പരം തിരിച്ചറിയാൻ വേണ്ടിയാണ്. നിങ്ങളിൽ ദൈവത്തിന്റെയടുക്കൽ ഏറ്റവും ആദരണീയർ ജീവിതത്തെ സംബന്ധിച്ച് ജാഗ്രത്തായ വീക്ഷണം പുലർത്തി ജീവിക്കുന്നവരത്രെ! (ഖുർആൻ 49:13).

മുകളിലുദ്ധരിച്ച രണ്ട് പഴയ നിയമസൂക്തങ്ങളും ആലങ്കാരിക പ്രയോഗങ്ങളെന്ന് വിശദീകരിക്കാൻ സാധ്യമല്ല. 'വെയിലാറിയപ്പോൾ യഹോവയായ ദൈവം തോട്ടത്തിൽ നടന്നത്' ദൈവത്തെ സംബന്ധിച്ച തെറ്റായ സങ്കൽപമാണ് നൽകുന്നത്. ഗ്രീക്ക് പുരാണങ്ങളിൽ പരസ്പര സംഘട്ടനങ്ങളിലേർപ്പെടുന്ന നിരവധി ബലഹീനതകളുടെയും ദൗർബല്യങ്ങളുടെയും ന്യൂനതകളുടെയും ഉടമകളായ ദൈവങ്ങളിൽ ഒരു ദൈവം മാത്രമായി ഇവിടെ യഥാർഥ ദൈവം ഇകഴ്ത്തപ്പെടുന്നു. രണ്ടാമതായി ഉദ്ധരിച്ച ബൈബിൾ സൂക്തത്തിൽ മനുഷ്യന്റെ നഗരനിർമാണവും ഗോപുരവും കാണാൻ താഴെ ഇറങ്ങി വരേണ്ടിവന്ന ദൈവത്തിന്റെ മനസ്സാകട്ടെ

**സൃഷ്ടിപ്പിന് മുമ്പുതന്നെ, മനുഷ്യസൃഷ്ടികൊണ്ട് ഉദ്ദേശിക്കപ്പെട്ടത് എന്താണെന്ന് വിശുദ്ധ ഖുർആൻ അസന്ദിഗ്ധമായി വ്യക്തമാക്കുന്നുണ്ട്. ഭൂമിയിൽ ദൈവത്തിന്റെ പ്രതിനിധിയാവുക എന്നതാണത്. മനുഷ്യന്റെ ഇഛാശക്തി പരീക്ഷിക്കുന്നതിനുള്ള ഇടവേള മാത്രമായിരുന്നു സ്വർഗവാസം. വിലക്കു ലംഘിക്കുന്നതോടെ സ്വർഗത്തിലെ താൽക്കാലികവാസം അവസാനിക്കുന്നു. മനുഷ്യനെക്കൊണ്ട് ഉദ്ദേശിക്കപ്പെട്ട ഭൂമിയിലെ ദൈവിക പ്രാതിനിധ്യം എന്ന ദൗത്യത്തിനായി അവൻ അയക്കപ്പെടുന്നു. ദൗത്യനിർവഹണത്തിനു ശേഷം തിരിച്ചു വരേണ്ടത്, യാത്ര തുടങ്ങിയ സ്വർഗത്തിലേക്കു തന്നെയായിരിക്കണമെന്ന വ്യക്തമായ ഒരു ഗുണപാഠത്തോടുകൂടി തന്നെ.**

നേരത്തെ സൂചിപ്പിച്ച ആസൂയയും ദുരയും മൂത്ത ഗ്രീക്ക്-റോമൻ ദൈവമായ സ്യൂസിന്റേതു തന്നെ.

പഴയ നിയമങ്ങളാവട്ടെ പുതിയ നിയമങ്ങളാവട്ടെ, അവ അതതു പ്രവാചകന്മാർക്ക് അവതീർണമായ അല്ലെങ്കിൽ അതതു പ്രവാചകൻമാർ സംസാരിച്ച മൂല ഭാഷയിൽ ലഭ്യമല്ലാതിരിക്കുകയും ഗ്രീക്ക് പോലുള്ള ഭാഷകൾ അവയുടെ 'മൂല' ഭാഷകളായി അംഗീകരിക്കപ്പെടുകയും ചെയ്തതിന്റെ ഫലമായി, പ്രവാചകാധ്യാപനങ്ങൾ വികലമാക്കപ്പെട്ടതിന്റെ ചിത്രങ്ങളാണ് മുകളിൽ കണ്ടത്. മധ്യ-പൗരസ്ത്യ ദേശത്തെ ആധ്യാത്മികതയിൽനിന്ന് യവന-റോമൻ തത്ത്വചിന്തയിലേക്കുള്ള യഹൂദ-ക്രിസ്തീയ മതങ്ങളുടെ കുടിയേറ്റം അവയുടെ അധ്യാപനങ്ങളിലുണ്ടായിരുന്ന പ്രവാചക ചൈതന്യത്തെ ചോർത്തിക്കളയുകയും വികലമായ ഗ്രീക്ക്-റോമൻ ദൈവസങ്കൽപ ഭാവങ്ങൾ ചാലിച്ചു ചേർക്കപ്പെടാൻ നിമിത്തമാവുകയും ചെയ്തു. നിലവിലെ പഴയ നിയമത്തിലും പുതിയ നിയമത്തിലുമുള്ള ഗ്രീക്ക്-റോമൻ സ്വാധീനം വിശദമായ ഒരു ഗവേഷണ പഠനം ആവശ്യപ്പെടുന്നുണ്ട്. പ്രവാചകനായ യാക്കോബുമായി മല്ലു പിടിക്കുന്ന ഒരു ദൈവത്തെ ആർക്കെങ്കിലും സങ്കൽപിക്കാൻ പറ്റുമോ? ഉൽപത്തി 32-ാം അധ്യായം 24 മുതൽ 27 വരെയുള്ള സൂക്തങ്ങൾ ശ്രദ്ധിക്കൂ!

"അപ്പോൾ ഒരു പുരുഷൻ(ദൈവം) ഉഷസ്സാകുവോളം അവനോട് മല്ലു പിടിച്ചു. അവനെ (യാക്കോബിനെ) ജയിച്ചില്ലെന്ന് (?!) കണ്ടപ്പോൾ അവൻ (ദൈവം) അവന്റെ (യാക്കോബിന്റെ) തുടയുടെ തടം തൊട്ടു; ആകയാൽ അവനോട് മല്ലു പിടിക്കയാൽ യാക്കോബിന്റെ തുടയുടെ തടം ഉളുക്കിപ്പോയി. "എന്നെ വിടുക; ഉഷസ്സ് ഉദിക്കുന്നുവല്ലോ"യെന്ന് അവൻ (ദൈവം) പറഞ്ഞതിന്, നീ എന്നെ അനുഗ്രഹിച്ചാലല്ലാതെ ഞാൻ നിന്നെ വിടുകയില്ലെന്ന് അവൻ (യാക്കോബ്) പറഞ്ഞു." (ഉൽപത്തി 32:24-27).

ഇതിന്റെ നിരർഥകത ഒരു വിശദീകരണം പോലും ആവശ്യമില്ലാതെ മനസ്സിലാക്കാൻ സാധിക്കും. ദ്വന്ദ യുദ്ധത്തിന്റെ ചരിത്രം എന്ന നിലയിൽ ഒരു പുരാതന യുദ്ധകഥ വായിക്കുമ്പോഴുള്ള അനുഭൂതി നമുക്ക് അത് വായിക്കുമ്പോൾ ലഭിച്ചേക്കും. പക്ഷേ, ഒരു വേദഗ്രന്ഥത്തിൽ ദൈവം ഇങ്ങനെ ചിത്രീകരിക്കപ്പെടുന്നത് സത്യാന്വേഷിയിൽ ആശ്ചര്യവും അമ്പരപ്പും ഉളവാക്കുന്നു. ഈ ഖണ്ഡിക വായിക്കുമ്പോൾ അനുവാചകരിൽ ഹോമറിന്റെ ഇലിയഡിലെ ഒരു ദ്വന്ദ യുദ്ധകഥ വായിക്കുന്ന പ്രതീതിയാണ് ഉളവാകുക. അക്ലീസിന്റെയും പാരീസിന്റെയും അഗമെമ്നന്റെയും അജാക്സിന്റെയും ഒക്കെ സ്ഥാനത്ത് ദൈവവും യാക്കോബും എന്ന വ്യത്യാസമേയുള്ളൂ.

ഖുർആനിൽ ദൈവം ഈ രൂപത്തിൽ ചിത്രീകരിക്കപ്പെടുന്നില്ല. അതിൽ മുഴുക്കെ ദൈവം ഉന്നതനും ഉദാത്തനും (Sublime) അദ്വിതീയനും അതുല്യനുമായ (Unique) ശക്തനും ദൗർബല്യങ്ങളിൽനിന്നും ന്യൂനതകളിൽനിന്നും മുക്തനായ കേവലനും പരിപൂർണനുമാണ്. ഖുർആനിൽ അവനെ വിശേഷിപ്പിക്കാനുപയോഗിച്ച സുകുമാര നാമങ്ങളെല്ലാം തന്നെ പ്രപഞ്ചത്തിന്റെ സ്രഷ്ടാവും സംവിധായകനുമായ അജയ്യനും പ്രതാപവാനുമായ ഏക ശക്തിക്ക് യോജിച്ചതുമാണ്. ഉദാഹരണത്തിന് വിശുദ്ധ ഖുർആനിലെ 112-ാം അധ്യായം ശ്രദ്ധിക്കുക.

"(പ്രവാചകരേ) പറയുക! അവൻ അല്ലാഹു മാത്രമാകുന്നു (കേവലനായ)

ഏകൻ. അല്ലാഹു ഒന്നിനെയും ആശ്രയിക്കാത്തവനും മറ്റെല്ലാവരുടെയും (അസ്തിത്വത്തിനും നിലനിൽപിനും) ആശ്രയനുമാകുന്നു. അവൻ ജന കനോ ജാതനോ അല്ല, അവന് സദൃശമായോ സമാനമായോ ഒന്നും തന്നെ ഇല്ല" (ഖുർആൻ 112:1-6). മറ്റൊരുവചനം: "അല്ലാഹു- അഖില പ്രപഞ്ച ത്തിന്റെയും സ്രഷ്ടാവും പരിപാലകനുമായ അവൻ- നിത്യജീവത്തായ അസ്തിത്വമാകുന്നു. അവനല്ലാതെ വേറൊരു ഇലാഹില്ല. അവനെ മയക്ക മോ, സുഷുപ്തിയോ ബാധിക്കുന്നില്ല. ആകാശഭൂമികളിലുള്ളതെല്ലാം അവ ന്റേതാകുന്നു. അവന്റെ സമക്ഷത്തിൽ അനുമതി കൂടാതെ ശിപാർശ ചെയ്യാൻ കഴിയുന്നവനായി ആരുണ്ട്? തന്റെ സൃഷ്ടികളുടെ മുമ്പിലുള്ളതൊക്കെയും അവൻ അറിയുന്നു. അവർക്ക് അദൃശ്യമായതും അവൻ അറിയുന്നു. അവന്റെ ജ്ഞാനത്തിൽനിന്ന് ഒന്നും തന്നെ അവരുടെ ഗ്രഹണ ശേഷിക്ക് ഉൾക്കൊ ള്ളാൻ കഴിയുന്നതല്ല- അവരെ അറിയിക്കാൻ അവൻ ഉദ്ദേശിച്ചാലല്ലാതെ. അവന്റെ ആധിപത്യം വാനലോകങ്ങളിലും ഭൂമിയിലും സമഗ്രമായിരിക്കു ന്നു. അവയുടെ സംരക്ഷണം അവനെ ഒട്ടും ക്ഷീണിപ്പിക്കുന്നതല്ല. അവൻ അത്യുന്നതനും അതിഗംഭീരനും തന്നെ" (ഖുർആൻ 2:255). മറ്റൊരു ഖുർ ആനിക സൂക്തം കൂടി ഉദ്ധരിക്കുന്നു:

"അവനാണ് അല്ലാഹു, അവനല്ലാതെ വേറൊരു ഇലാഹില്ല. അഗോ ചരവും ഗോചരവുമായ സകല കാര്യങ്ങളും അറിവുള്ളവൻ. ദയാപരനും കരുണാവാരിധിയുമാണവൻ. അവനാണ് അല്ലാഹു. അവനല്ലാതെ ഇലാ ഹില്ല. അവൻ സർവാധിരാജനാകുന്നു. അതീവ പരിശുദ്ധൻ, പരമരക്ഷകൻ, അഭയദായകൻ, സകലതും അടക്കി ഭരിക്കുന്നവൻ, മഹോന്നതനായിവാഴു ന്നവൻ; ജനം ആരോപിക്കുന്ന പങ്കാളിത്തങ്ങളിൽ നിന്നെല്ലാം എത്രയോ പരിശുദ്ധനാണവൻ. സൃഷ്ടി ആവിഷ്കരിച്ചവൻ, അത് നടപ്പിലാക്കിയവൻ, അതനുസരിച്ച് അനുയോജ്യമായ ആകാരമേകുന്നവൻ. വിശിഷ്ടമായ നാമ ങ്ങൾ അവനുള്ളതാകുന്നു. ആകാശങ്ങളിലും ഭൂമിയിലുമുള്ള സകല വസ്തു ക്കളും അവനെ പ്രകീർത്തനം ചെയ്യുന്നു. അവൻ അജയ്യനും അഭിജ്ഞനു മല്ലോ?"

ഖുർആൻ പരിചയപ്പെടുത്തുന്ന ഏകനായ ദൈവമാണ് മുകളിലുദ്ധ രിച്ച സൂക്തങ്ങളിലെല്ലാം കാണുന്നത്. വിശുദ്ധ ഖുർആനിൽ ഏകദൈവത്തെ പരിചയപ്പെടുത്തുന്ന എല്ലാ സൂക്തങ്ങളും മുകളിലുദ്ധരിക്കപ്പെട്ടതിന് പൂര കങ്ങളും ഉപോൽബലകങ്ങളുമാണ്. ഒരൊറ്റ സൂക്തവും മുകളിലുദ്ധരിക്ക പ്പെട്ട ഏകദൈവത്തിന്റെ സുസ്ഥിരമായ ഉദാത്ത ഭാവത്തിന് വിരുദ്ധമായി കാണാൻ സാധിക്കുന്നില്ല. ഈ സൂക്തങ്ങളെ ബൈബിളിൽ പരാമർശിക്ക പ്പെട്ട ആറുദിവസങ്ങളിലെ സൃഷ്ടിപ്പിന് ശേഷം ഏഴാം ദിവസം വിശ്രമി ക്കാനെടുത്ത, മനുഷ്യന്റെ ജ്ഞാന-നാഗരിക വികാസത്തിൽ അസൂയ പു ലർത്തുന്ന, യാക്കോബുമായി ദ്വന്ദ യുദ്ധത്തിലേർപ്പെടുകയും പരാജയപ്പെ ടുകയും ചെയ്യുന്ന, വെയിലും മഴയുമൊക്കെ പ്രശ്നമാകുന്ന, തോട്ടത്തിൽ ഇറങ്ങി നടക്കുകയും ആ നടക്കുന്ന ഒച്ച മനുഷ്യൻ കേൾക്കുകയും ചെയ്യു ന്നതുപോലെയുള്ള സൂക്തങ്ങളുമായി താരതമ്യം ചെയ്യുമ്പോഴാണ് ഖുർ ആൻ സമർപ്പിക്കുന്ന ദൈവസങ്കൽപത്തിന്റെ മാറ്റ് വായനക്കാരന് തിരിച്ചറി യാൻ സാധിക്കുന്നത്. ■

(തുടരും)